LIBRARY ARCHIVES Kerala Legislative Assembly

കുന്നംകുളം അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക

76 (5481) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നംകുളം അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക കഴിഞ്ഞ ഒരു വർഷമായി ഒഴിഞ്ഞുകിടക്കുകയാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരവധി തൊഴിൽ സ്ഥാപനങ്ങളും തൊഴിലാളികളും വിവിധ സർട്ടിഫിക്കറ്റുകൾക്കായി ബുദ്ധിമുട്ട് അനുഭവിച്ചു വരുന്നത് കണക്കിലെടുത്ത് അസിസ്റ്റന്റ് ലേബർ ഓഫീസർ തസ്തിക ഉടൻ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുന്നംകുളം അസിസ്റ്റന്റ് ലേബർ ഓഫീസർ 2-2-2009 മുതൽ വിവിധ ഘട്ടങ്ങളിൽ വിവിധ അവധികളിൽ പ്രവേശിച്ചിട്ടുള്ളതിനാലാണ് സ്ഥിരമായ നിയമനം നടത്താൻ കഴിയാതിരുന്നത്. അവധി കാലയളവിൽ മറ്റ് അസിസ്റ്റന്റ് ലേബർ ഓഫീസർമാർക്ക് അധികച്ചുമതല നൽകിയിട്ടുണ്ട്.

(സി) അവധി കാലയളവിൽ തൃശ്ശൂർ രണ്ടാം സർക്കിൾ അസിസ്റ്റന്റ് ലേബർ ഓഫീസർ, ചാവക്കാട് അസിസ്റ്റന്റ് ലേബർ ഓഫീസർ എന്നിവർക്ക് പൂർണ്ണ അധികച്ചുമതല നൽകിയിരുന്നു. ചാവക്കാട് അസിസ്റ്റന്റ് ലേബർ ഓഫീസറുടെ അധികച്ചുമതല ഇപ്പോഴും തുടരുന്നു. അവിടെ സ്ഥിരം നിയമനം നടത്തുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്.

തൊഴിൽ തർക്കം സംബന്ധിച്ച പരാതികൾ

77 (5482) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-9-2009 മുതൽ 30-9-2009 വരെ തിരുവനന്തപുരം ഡെപ്യൂട്ടി ലേബർ ഓഫീസർ മുമ്പാകെ തൊഴിൽ തർക്കം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു;

(ബി) അതിൽ എത്ര പരാതികൾ അനുരഞ്ജന ചർച്ചയിലൂടെ പരിഹരിച്ചു ;

(സി) എത്ര പരാതികൾ അനുരഞ്ജന ചർച്ചകളിൽ ഫലം കാണാതെ കിടപ്പുണ്ട് ;